# തങ്കത്തിങ്കൾ കിനാവോ...

## ചുങ്കത്ത് പ്രിൻസ് ജ്വല്ലറി ഉടമ രഞ്ജിത് പോളിന്റെ യൂറോപ്യൻ സ്റ്റൈൽ വീടിനു പത്തരമാറ്റ് തിളക്കം.

ഒരു തരി പൊന്നു പോലെയായിരുന്നു മനസി ലെ വീട്. സ്വപ്നങ്ങൾ കൊണ്ടൊരു നെരി പ്പോടുണ്ടാക്കി ഇത്തിരിപ്പൊന്നിനെ ഊതി ത്തെളിച്ച് ഉരുക്കിയൊഴിച്ചപ്പോൾ അതിനു വശ്യമായ അഴക്. ഒന്നര വർഷത്തെ ജീവിതം കൊണ്ടു മാറ്റുനോ ക്കിയപ്പോൾ വീടു തനി തങ്കം. ചുങ്കത്ത് പ്രിൻസ് ജ്വ ല്ലറി ഉടമ രഞ്ജിത് പോളും ഭാര്യ ഡയാനയും നോ ക്കിയിട്ടു വീടിന് ഒരു കുറവേയുള്ളൂ. ബിഐഎസ് ഹാൾമാർക്ക് മുദ്രയുടെ.

പുതിയ വീടിനു പുതുമയാർന്ന ഡിസൈൻ വേണ മെന്നായിരുന്നു രഞ്ജിത്തിന്റെ ആഗ്രഹം. 'യൂട്ടിലി റ്റി'ക്ക് ഒട്ടും കുറവു വരുതെന്നും. 'ഡിസൈനും ക്വാ ളിറ്റിയും' ഒരുപോലെ നന്നായ സ്വർണാഭരണങ്ങൾ ക്കേ ഡിമാൻഡുള്ളൂ എന്ന ബിസിനസ് രഹസ്യം കൈ വിടാതെയായിരുന്നു വീടുപണിയും. ലാൻഡ്സ്കേ പ്പ് മുതൽ അടുക്കളവാതിൽ വരെ എല്ലാത്തിലും കാ ണാം പുതുമയുടെയും പ്രായോഗികതയുടെയും പാ കത്തിനൊത്ത മിശ്രണം.

ചാലക്കുടി കാർമൽ സ്കൂളിനു സമീപമുള്ള 40 സെന്റിലാണു 4600 ചതുരശ്ര അടി വിസ്തീർണമുള്ള ഇരുനില വീട്. പ്ലോട്ടിനു മുന്നിലും ഇടതുവശത്തും റോഡ് ഉള്ളതിനാൽ രണ്ടു വശത്തു നിന്നു നോക്കിയാ ലും നല്ലതുപോലെ കാണുകയും ഭംഗി തോന്നുകയും ചെയ്യുന്ന രീതിയിലാണു വീടിന്റെ ഡിസൈൻ.

വീടിന്റെ ആകൃതിക്കു യോജിക്കുന്ന തരത്തിലാ ണു മതിലും ഗേറ്റും ഒരുക്കിയിരിക്കുന്നത്. വിശാലമാ യ മുറ്റം മുഴുവൻ ലാൻഡ്സ്കേപ്പ് ചെയ്തു മനോഹ രമാക്കിയിരിക്കുന്നു. അതിനു നടുവിലൂടെ ചുവന്ന പേ വിമെന്റ് ടൈൽ വിരിച്ച വഴി വീട്ടിലേക്ക്. ലാൻഡ്സ്കേ പ്പിൽ കുന്നും കുഴിവുമൊന്നും വേണ്ട എന്നായിരുന്നു രഞ്ജിത്തിന്റെ തീരുമാനം. കുട്ടികൾക്കു കളിക്കാ നും എന്തെങ്കിലും പരിപാടി നടക്കുമ്പോൾ കാർ പാർ ക്കിങ്ങിനും ഉപയോഗിക്കാം എന്ന 'യൂട്ടിലിറ്റി ഐഡി യ' ആയിരുന്നു ഇതിനു പിന്നിൽ. ഇവിടെ 25 കാറുക

വീടിന്റെ സിറ്റ് ഔട്ട്. മുറ്റത്തെ കിണറും കാണാം. (താഴെ) രഞ്ജിത് പോളും ഭാര്യ ഡയാനയും. (വലത്) വീടിന്റെ എക്സ്റ്റീരിയർ വ്യൂ (അടുത്ത പേജിൽ)







ഡൈനിങ് റൂം. ഇടതു വശത്തു നടുമുറ്റവും വലതുഭാഗത്തു പ്രാർത്ഥനാ സ്ഥലവും. (മുകളിൽ) ഗ്ലാസ് കൊണ്ടുള്ള ക്യൂരിയോ ഷെൽഫ്. (വലത്)

പ്പം വാതിൽ തുറക്കാതെ പുറത്തു നിൽക്കുന്നവരെ കാണാം എന്ന പ്രയോജനവും ഇതു നൽകുന്നു. യൂറോപ്യൻ ശൈലിയിലാണു വീടിന്റെ പ്ലാൻ. സിറ്റൗട്ടിൽ നിന്നും നേരെ എത്തുന്നത് ഫോയറിലേക്ക്. അതിന് ഇടതുവശത്തായി ലിവിങ് റൂം. ഫോയറിൽ നിന്നു നേരെ പോയാൽ ഡൈനിങ് റൂം. ഡൈനിങ്ങിന് ഇടതുവശത്തായി മൂന്നു കിടപ്പുമുറികൾ. വലതു ഭാഗത്തു ഫാമിലി ലിവിങ്, അടുക്കള, സ്റ്റോർ തുടങ്ങിയവയും. മുകളിൽ ഒരു ബെഡ് റൂം, ലിവിങ് റൂം, ബാൽക്കണി എന്നിവയാണുള്ളത്.

ഇളംതവിട്ടു നിറത്തിൽ കറുത്ത പുള്ളിക്കുത്തുകളുള്ള ഗ്രാനൈറ്റാണു ലിവിങ് റൂമിൽ. കടുംതവിട്ടുനിറത്തിലുള്ള സോഫയും ഗ്ലാസ് ടീപ്പോയ്‌യും ഇതിനു നന്നായി ഇണങ്ങുന്നു. വശങ്ങളിലായി ക്യൂരിയോസ് വച്ചിരിക്കുന്ന രണ്ടു ഷെൽഫുകളുണ്ട്. വിറകു കത്തിക്കുന്ന പഴയ നെരിപ്പോടിന്റെ മാതൃക ഉണ്ടാക്കി അതിനുള്ളിലാണ് എസി വച്ചിരിക്കുന്നത്.

## ഡൈൻ ഇൻ സ്റ്റൈൽ

വിശാലമായ ഡൈനിങ് റൂമിന്റെ ഒരു ഭാഗത്തു പ്രാർത്ഥനാമുറി ഒരുക്കിയിരിക്കുന്നു. ഡൈനിങ് റൂമിനോടു ചേർന്നു നടുമുറ്റവുമുണ്ട്. മുകളിലും ഒരു വശത്തും 'പർഗോള സ്റ്റൈൽ' ഭിത്തികെട്ടിയാണു നടുമുറ്റം വേർതിരിച്ചിരിക്കുന്നത്. അതിനാൽ പടിഞ്ഞാറുവശത്തു നിന്നുള്ള തണുത്ത കാറ്റ് എപ്പോഴും വീട്ടിനുള്ളിലെത്തും. നല്ല വെളിച്ചം, ലാൻഡ്സ്കേപ്പി





സ്വീകരണമുറിയിൽ ഫയർ പ്ലേസിന്റെ മാതൃകയുണ്ടാക്കി അതിനുള്ളിൽ എസി പിടിപ്പിച്ചിരിക്കുന്നു. (മുകളിൽ) ഡൈനിങ്ങും ഫാമിലി ലിവിങ്ങും. (താഴെ)

ൾ വരെ സുഖമായി വിശ്രമിച്ചിട്ടുണ്ട്. റോഡ് റോളർ ഉപയോഗിച്ചു നിലം നിരപ്പാക്കി അതിനു മുകളിൽ മൂന്ന് ഇഞ്ച് ഘനത്തിൽ മണ്ണു വിരിച്ച ശേഷമാണു പുല്ലു നട്ടത്. പുല്ലു മാത്രമല്ല 34 ഇനം പൂച്ചെടികളും ഇവിടെയുണ്ട്. ദിവസവും നൂറു ചിത്രശലഭങ്ങളെങ്കിലും ഇവിടെയെത്തുമെന്നു രഞ്ജിത്തിന്റെ നിരീക്ഷണം. ജൈവവളം മാത്രമുപയോഗിച്ച് 'ഇക്കോ ഫ്രണ്ട്ലി' രീതിയിലാണു പൂന്തോട്ടം പരിപാലിക്കുന്നത്.

## യൂറോപ്യൻ പ്രൗഢിയിൽ

നല്ല ഉയരമുള്ള മുറികളും 60 ഡിഗ്രിയിലധികം ചരിഞ്ഞ മേൽക്കൂരയുമൊക്കെയായി യൂറോപ്യൻ ശൈലിയുടെ തലയെടുപ്പാണു വീടിന്. ഫ്ളാറ്റ് റൂഫിനു മുകളിൽ ചരിച്ചു സ്റ്റീൽ ട്രസ് ഇടുകയായിരുന്നു. ഇതിനുള്ളിൽ സ്റ്റോറേജിനു സൗകര്യവുമൊരുക്കി. വിക്ടോറിയൻ ബംഗ്ലാവുകളുടേതു പോലെ മുകളിൽ ചിമ്മിനിയുടെ മാതൃകയും നിർമിച്ചിട്ടുണ്ട്.

കരിങ്കൽത്തൂണുകൾ ആഢ്യത്വം പകരുന്ന സിറ്റൗട്ടിൽ ഇളം ചുവപ്പു നിറമുള്ള 'ലാക്ക റെഡ്' ഗ്രാനൈറ്റ് വിരിച്ചിരിക്കുന്നു. വശങ്ങളിൽ ചാരുപടിക്കു പകരം തേക്കിൻ തടിയുടെ 'ഫ്ളാറ്റ്' ഇരിപ്പിടം നൽകി. സിറ്റൗട്ടിനു സമീപത്തായാണു കിണർ. മുൻപ് ഇവിടെയുണ്ടായിരുന്ന കിണർ നിലനിർത്തുകയായിരുന്നു. വാസ്തു അനുസരിച്ചാണ് ഇങ്ങനെ ചെയ്തത്. കരിങ്കല്ലു കൊണ്ടു ചുറ്റും കെട്ടി രണ്ടു തൂണുകളും അതിനു മുകളിൽ വീടിന്റെ മേൽക്കൂരയുടെ അതേ ഡിസൈനിൽ ഓടുമിട്ടു കിണർ മനോഹരമാക്കി.

പ്രധാന വാതിലിനു രണ്ടു വശത്തും ടഫൻഡ് ഗ്ലാസ് വിൻഡോ നൽകിയിട്ടുണ്ട്. ഭംഗി കൂട്ടുന്നതിനൊ



